## കേരള സർക്കാർ

നം.39110/ഡി.സി.1/2013/തസ്വഭവ — തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

തിരുവനന്തപുരം, തീയതി: 3.12.2013

## സർക്കുലർ

വിഷയം: തദ്ദേശസ്വയംഭരണ വകുപ്പ് - ഉറവിടമാലിന്യസംസ്കരണ പദ്ധതികൾക്ക് നൽകുന്ന ഭരണ-സാങ്കേതികാനുമതിയിലെ വ്യവസ്ഥകൾ കർശനമായി പാലിക്കുന്നത് -സംബന്ധിച്ച്

സൂചന: സ.ഉ(സാധ)നം.1597/2012/തസ്വഭവ തീയതി 12.6.2012.

സൂചനയിലെ സർക്കാർ ഉത്തരവ് പ്രകാരം വീടുകളിൽ സ്ഥാപിക്കുന്ന ബയോഗ്യാസ് പ്ലാന്റിന്റെ ശേഷി സാധാരണഗതിയിൽ $0.5m^3$ ആവശ്യമുള്ളതിനാൽ ആയതിനു പ്രാമുഖ്യം നൽകി പദ്ധതി തയ്യാറാക്കി നടപ്പിലാക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പ്രതിദിനം 2.5 കിലോയിൽ കുറയാത്ത മാലിന്യങ്ങൾ സംസ്കരിക്കേണ്ട സാഹചര്യത്തിൽ താൽപര്യമുള്ളവർക്കു മാത്രം ബയോഗ്യാസ് പ്ലാന്റുകൾ അനുവദിക്കുന്നതായിരിക്കും അഭികാമ്യം എന്നും വ്യവസ്ഥ ചെയ്തിരുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന പദ്ധതികളിന്മേൽ വിലകുറഞ്ഞതും ഉപയോഗപ്രദവുമായ മാലിന്യസംസ്കരണ സംവിധാനം വേണം സ്ഥാപിക്കേണ്ടതെന്ന തത്വത്തിന്റെ അടിസ്ഥാനത്തിൽ ശുചിത്വമിഷനാണ് ഭരണസാങ്കേതികാനുമതികൾ നൽകി വരുന്നത്. എന്നാൽ പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും നേരത്തെ നൽകിയ അനുമതികളിൽ നിന്ന് വ്യതിചലിച്ച് ഉയർന്ന സംഭരണശേഷിയും വിലയേറിയതുമായ ബയോഗ്യാസ് പ്ലാന്റുകൾ വീടുകളിൽ സ്ഥാപിക്കുന്നതിന് അനുമതി നൽകുകയും, ആയതിന് പുതുക്കിയ സാമ്പത്തിക സഹായവും സാങ്കേതികാനുമതിയും ലഭ്യമാക്കുന്നതിന് ശുചിത്വമിഷനെ സമീപിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

മേൽസാഹചര്യത്തിൽ സംസ്ഥാനത്ത് ഉറവിടമാലിന്യസംസ്കരണ പദ്ധതികൾ നടപ്പിലാക്കുമ്പോൾ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ് :-

1. ഒരു പദ്ധതി ആരംഭിക്കുമ്പോൾ ആ പദ്ധതിക്ക് മുൻകൂട്ടിയുള്ള ഭരണാനുമതി/സാങ്കേതികാനുമതി എന്നിവ ലഭ്യമാക്കേണ്ടതാണ്.

2. പദ്ധതി നടപ്പിലാക്കുന്ന ഘട്ടത്തിൽ ഭരണ-സാങ്കേതികാനുമതിയിൽ നിന്നും വ്യതിചലനം അനുവദിക്കുന്നതല്ല.

3. അതാതു പ്രദേശത്തിന് യോജിച്ചതും വിലകുറഞ്ഞതും ഉപയോഗപ്രദവുമായ മാലിന്യസംസ്കരണ സംവിധാനം വേണം സ്ഥാപിക്കേണ്ടത്.

4. വീടുകളിൽ സ്ഥാപിക്കുന്ന ബയോഗ്യാസ് പ്ലാന്റുകളുടെ ശേഷി $0.5m^3$ (പ്രതിദിനം 2.5 കിലോ മാലിന്യം സംസ്കരിക്കുന്നതിന്) മതിയാകുന്നതാണ്.

5. ഏതെങ്കിലും പ്രായോഗിക കാരണങ്ങളാൽ നേരത്തേ നൽകിയ ഭരണ-സാങ്കേതികാനുമതിയിൽ നിന്നും വ്യതിചലനം ആവശ്യമായി വരികയാണെങ്കിൽ ആയത് പദ്ധതി നടപ്പിലാക്കുന്നതിന് മുമ്പ് ശുചിത്വമിഷന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതും പുതുക്കിയ അനുമതി ലഭ്യമാക്കേണ്ടതുമാണ്. പുതുക്കിയ അനുമതി ലഭ്യമാക്കാതെ പദ്ധതി നടപ്പിലാക്കാൻ യാതൊരു കാരണവശാലും പാടുള്ളതല്ല.

ഡോ.രാജൻ ഖൊബ്രഗഡെ

സെക്രട്ടറി.

നഗരകാര്യഡയറക്ടർ,തിരുവനന്തപുരം (എല്ലാ നഗരസഭകൾ/ മുനിസിപ്പാലിറ്റികളേയും അറിയിക്കുവാൻ)

പഞ്ചായത്ത് ഡയറക്ടർ,തിരുവനന്തപുരം (എല്ലാ ഗ്രാമപഞ്ചായത്തുകളേയും അറിയിക്കുവാൻ)

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ഓഫീസ് കോപ്പി/കരുതൽ ഫയൽ

പകർപ്പ്:-

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.ക്ക്

ഉത്തരവിൻപ്രകാരം അയക്കുന്നത്,

സെക്ഷൻ ഓഫീസർ